"ഭരണഭാഷ - മാതൃഭാഷ"

നം:- **DGE/16297/2026-QIP1**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 11-09-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപദ്ധതി - പൊതുവിദ്യാലയങ്ങളിൽ 'താരാപഥം' പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. സ.ഉ (സാധാ) നം. 1602/2017/പൊ.വി.വ തീയതി 27.05.2017.
2. സ.ഉ (സാധാ) നം. 1968/2018/പൊ.വി.വ തീയതി 28.08.18.
3. സ.ഉ (സാധാ) നം. 436/2019/പൊ.വി.വ തീയതി 01.02.2019.
4. സ.ഉ (സാധാ) നം. 763/2020/പൊ.വി.വ തീയതി 14.02.2020.
5. സ.ഉ (സാധാ) നം. 2978/2026/GEDN തീയതി 30.04.2026.
6. പൊതുവിദ്യാഭ്യാസ വകുപ്പിൻറെ 24.07.2026 ലെ 3/255/2026-പൊ.വി.വ നമ്പർ മിനിറ്റ്സ്.
7. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02.09.2026 ലെ കൈറ്റ്/2026/1426 (33) നമ്പർ കത്ത്.

*****

സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപദ്ധതിയിൽ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികളിൽ 'താരാപഥം', കേരള ഇൻഫ്രാസ്ട്രക്ചർ ആൻറ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖേന നടപ്പിലാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. സൂചന 1 മുതൽ 5 വരെയുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെൻ്റ് സിസ്റ്റം, 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, മെൻററിംഗിലൂടെ സ്കൂൾ വിദ്യാർത്ഥികളുടെ പഠന പുരോഗതി രേഖപ്പെടുത്തുന്നതിനുള്ള 'സഹിതം' പോർട്ടൽ എന്നിവ കാലാനുസൃതമായി പരിഷ്കരിച്ചും AI സങ്കേതങ്ങൾ ഉൾപ്പെടുത്തിയും, കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്കുള്ള സൈബർ സുരക്ഷാ പ്രോട്ടോകോൾ-2026 ഏകോപിപ്പിച്ചുമാണ് 'താരാപഥം' നടപ്പിലാക്കുന്നത്. 'സമ്പൂർണ' Single sign-on (SSO) സംവിധാനത്തിലൂടെ ലോഗിൻ ചെയ്ത് സ്കൂളുകൾ ഉപയോഗിക്കുന്ന പ്രധാന ഓൺലൈൻ ആപ്ലിക്കേഷനുകളിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള ഏകീകൃത ഡാഷ്ബോർഡ് ലഭ്യമാകുന്ന രീതിയിലാണ് 'താരാപഥം' സജ്ജീകരിച്ചിരിക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ 'താരാപഥം' പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., കേന്ദ്രീയവിദ്യാലയങ്ങൾ, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ തുടങ്ങിയവ ഉൾപ്പെടെ എല്ലാ വിദ്യാലയങ്ങളുടേയും ഡാറ്റ 'സമ്പൂർണ'യിൽ ഉൾപ്പെടുത്തുന്നതിനും സ്കൂൾ വിദ്യാർത്ഥികളുടെ ഹാജർ, പഠന നിലവാരം,

പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ എന്നിവ കൂടി ഉൾപ്പെടുത്തി 'സമ്പൂർണ' പോർട്ടൽ മെച്ചപ്പെടുത്തുന്നതിനും സൂചന 1 സർക്കാർ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. അതനുസരിച്ച് 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ വിവരം ഉൾപ്പെടുത്തി 'സമ്പൂർണപ്ലസ്' എന്ന പേരിൽ പോർട്ടൽ പരിഷ്കരിച്ചിട്ടുണ്ട്. സൂചന 1 സർക്കാർ ഉത്തരവിന്റേയും സൂചന 6 മിനിറ്റ്സിൻറേയും അടിസ്ഥാനത്തിൽ 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ ഹാജർ, പരീക്ഷകൾക്ക് ലഭിക്കുന്ന സ്കോർ തുടങ്ങിയവ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം 'സമ്പൂർണപ്ലസ്' പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. എല്ലാ സ്കൂളുകളും ഈ സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ്.

2. സൂചന 2 സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ സജ്ജമാക്കിയ 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ നിർമിതബുദ്ധിയുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തി 1 മുതൽ 12 വരെ ക്ലാസുകളിലെ ഡിജിറ്റൽ വിഭവങ്ങളും 1 മുതൽ 10 വരെ ക്ലാസുകളിലേയ്ക്ക് ടീച്ചിംഗ് മാനുവൽ തയ്യാറാക്കി പ്രഥമാധ്യാപകർക്ക് നൽകുന്നതിനുള്ള സൗകര്യവും ഉൾപ്പെടുത്തി 'സമഗ്രപ്ലസ്' എന്ന പേരിൽ കൈറ്റ് പ്രത്യേക പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിലെ വിഭവങ്ങൾ ക്ലാസ് മുറികളിലെ വിനിമയത്തിന് എല്ലാ അധ്യാപകരും പ്രയോജനപ്പെടുത്തേണ്ടതാണ്.

3. സൂചന 4 സർക്കാർ ഉത്തരവ് അനുസരിച്ച് മെൻററിംഗിലൂടെ സ്കൂൾ വിദ്യാർത്ഥികളുടെ പഠനപുരോഗതി രേഖപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടിയുടെ സഹായത്തോടെ 'സഹിതം' പോർട്ടൽ കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് കൂടുതൽ വ്യക്തിഗത ശ്രദ്ധയും പിന്തുണയും ഉറപ്പുവരുത്തുക, അക്കാദമിക മികവ് വളർത്തുന്നതിനോടൊപ്പം സാമൂഹിക മികവും വളർത്താൻ സഹായിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള 'സഹിതം' മെൻററിംഗ് പോർട്ടലിൽ പുതുക്കിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട്. 'താരാപഥം' പദ്ധതിയുടെ ഭാഗമായി 1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികളുടെ മെൻററിംഗ് പ്രവർത്തനങ്ങൾ ഈ അക്കാദമിക വർഷത്തെ വിവരങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് എല്ലാ പ്രഥമാധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്കുള്ള സൈബർ സുരക്ഷാ പ്രോട്ടോകോൾ 2026 നടപ്പിലാക്കുന്നതിന് സൂചന 5 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിൽ നിർദേശിച്ചിരിക്കുന്ന സൈബർ സുരക്ഷാ കമ്മിറ്റി രൂപീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പ്രഥമാധ്യാപകർക്ക് നിർദേശങ്ങളും പരിശീലനവും നൽകിയിട്ടുണ്ട്. അതിനാൽ സ്കൂളുകളിൽ സൈബർ സുരക്ഷാ പ്രോട്ടോകോൾ 2026 നടപ്പിലാക്കിയെന്ന് എല്ലാ സ്ഥാപന മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

5. അധ്യാപകർക്ക് സ്കീം ഓഫ് വർക്ക് അനുസരിച്ച് ടീച്ചിംഗ് മാനുവൽ തയാറാക്കാനും പ്രഥമാധ്യാപർക്ക് അവ അപ്രൂവ് ചെയ്യുന്നതിനുമുള്ള സംവിധാനം 'സമഗ്രപ്ലസ്' പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. പ്രഥമാധ്യാപകരുടെ ക്ലാസ്ഒബ്സർവേഷൻ നോട്ട്, വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശോധനാ കുറിപ്പ്, എസ്.ആർ.ജി. തീരുമാനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തുന്നതിനും ഇവ സംസ്ഥാനതലം വരെ പരിശോധിക്കുന്നതിനുമുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ എല്ലാ സ്ക്കൂളുകളിലും സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നു എന്ന് അതത് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതും അക്കാദമിക



File No. DGE/16297/2026-QIP1 (Computer No. 1995761)
Generated from eOffice by Shameer.S, QIP1 DGE, QIP1 DGE, DIRECTORATE OF GENERAL EDUCATION on 17/09/2026 04:25 PM

മോണിറ്ററിംഗിന്റെ ഭാഗമായി ഇക്കാര്യങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിക്കേണ്ടതുമാണ്.

6. അക്കാദമിക മോണിറ്ററിംഗ് ഫലപ്രദമായി നടപ്പിലാക്കുന്നതിന് കൈറ്റ് ക്രമീകരിക്കുന്ന പ്രത്യേക പരിശീലനത്തിൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും കൃത്യമായി പങ്കെടുക്കേണ്ടതാണ്. പരിശീലനം ക്രമീകരിക്കുന്നത് സംബന്ധിച്ച പ്രത്യേക നിർദേശങ്ങൾ കൈറ്റ് പുറപ്പെടുവിക്കുന്നതാണ്.

7. സൂചന സർക്കാർ ഉത്തരവുകളിൽ നിർദേശിച്ചിരിക്കുന്നതും സംസ്ഥാന സർക്കാരിന്റെ നൂറ്റദിന കർമപദ്ധതിയുടെ ഭാഗമായുള്ള 'താരാപഥം' ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നു എന്ന് ജില്ലയിലെ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി. (എച്ച്.എസ്.ഇ.)/എ.ഡി. (വി.എച്ച്.എസ്.ഇ.)മാർക്കും
3.റീജണൽ ഓഫിസർ (സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., കേന്ദ്രീയവിദ്യാലയങ്ങൾ)
4.എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്